Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

Ref. No. 9/2024 09 October 2024

# അറിയിപ്പ്

ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ,

01.10.2024 ൽ ഞാൻ അറിയിച്ചിരുന്നതുപോലെ നമ്മുടെ അതിരൂപതാകാര്യാലയം കുറച്ചു ദിവസങ്ങളായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം നിലനില്ക്കുകയായിരുന്നല്ലോ. അതിരൂപതാകേന്ദ്രത്തിൽ പ്രതിഷേധസമരംനടത്തുന്ന വൈദികരോടും അല്മായരോടും അവിടെനിന്ന് എത്രയുംവേഗം ഒഴിഞ്ഞുപോകണമെന്നു ഞാൻ അഭ്യർഥിച്ചിരുന്നു. അത് അവഗണിച്ചുകൊണ്ടു കച്ചേരിയുടെ പ്രവർത്തനം നിശ്ചലമാക്കി സമരം തുടരുന്ന സാഹചര്യത്തിൽ സമരക്കാരെ അവിടെനിന്ന് ഒഴിപ്പിക്കേണ്ടത് അത്യാവശ്യമായിവരികയായിരുന്നു. ഇന്നു രാവിലെ ഞാൻ മൗണ്ട് സെന്റ് തോമസിൽനിന്ന് അതിരൂപതാകാര്യാലയത്തിൽ തിരിച്ചെത്തി.

അതിരൂപതയിൽ തുടരുന്ന പ്രതിസന്ധിയിൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ തുടർന്നു നിർവഹിക്കുന്നതിലുള്ള ബുദ്ധിമുട്ട് അതിരൂപതാകാര്യാലയത്തിൽ സേവനംചെയ്യുന്ന വൈദികർ എന്നെ രേഖാമൂലം അറിയിച്ചതിനാൽ അവരുടെ സ്ഥാനങ്ങളിൽ പുതിയ നിയമനങ്ങൾ നടത്തേണ്ടതും ആവശ്യമായിവന്നു. ബഹു. ജേക്കബ് പാലയ്ക്കാപിള്ളിയച്ചനെ അതിരൂപതയുടെ പ്രോട്ടോസിഞ്ചെലൂസായും ബഹു. ജോഷി പുതുവയച്ചനെ ചാൻസലറായും ബഹു. സൈമൺ പള്ളുപേട്ടയച്ചനെ അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറായും ബഹു. ജിസ്മോൻ ആരംപള്ളിയച്ചനെ സെക്രട്ടറിയായും ഇന്നേ ദിവസം നിയമിച്ചു. അതേസമയം, അതിരൂപതാകാര്യാലയത്തിൽ 2022 ആഗസ്റ്റ് മുതൽ പ്രോട്ടോസിഞ്ചെലൂസായി ശുശ്രൂഷചെയ്തുവരികയായിരുന്ന ബഹു. വർഗീസ് പൊട്ടക്കലച്ചനും സിഞ്ചെല്ലൂസ് ആയിരുന്ന ബഹു. ആന്റണി പെരുമായനച്ചനും ചാൻസലർ ആയിരുന്ന ബഹു. മാർട്ടിൻ കല്ലുങ്കലച്ചനും വൈസ്ചാൻസലർ ആയിരുന്ന ബഹു. സോണി മഞ്ഞളിയച്ചനും അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറും സെക്രട്ടറിയുമായിരുന്ന ബഹു. പിന്റോ പുന്നക്കൽ അച്ചനും അവർ വഹിച്ചിരുന്ന സ്ഥാനങ്ങളിൽനിന്നു വിടുതൽനല്കുകയും ചെയ്തിട്ടുണ്ട്. പുതുതായി ചുമതല ഏറ്റെടുത്തിരിക്കുന്ന ബഹു. അച്ചന്മാർക്ക് ആശംസകളും ദൈവാനുഗ്രഹവും നേരുന്നതോടൊപ്പം അതിരൂപതാകാര്യാലയത്തിലെ തങ്ങളുടെ ശുശ്രൂഷകൾ അവസാനിപ്പിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാർക്കു ഹൃദയത്തിൽനിന്നുള്ള നന്ദിയും സ്നേഹവും അറിയിക്കുകയും ചെയ്യുന്നു.

ഇപ്പോഴത്തെ സാഹചര്യത്തിൽ അതിരൂപതാകാര്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പോലീസിന്റെ സാന്നിധ്യം തുടർന്നും ഉണ്ടായിരിക്കുന്നതാണ്. അതിരൂപതാകച്ചേരിയെ വിവിധ കാര്യങ്ങൾക്കായി സമീപിക്കേണ്ടവർക്ക് അതിനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കും. എന്റെ അംഗീകാരം ഇല്ലാത്ത ഒരു യോഗവും കൂടിച്ചേരലും അതിരൂപതാകാര്യാലയത്തിൽ അനുവദിക്കുന്നതല്ല. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും അല്മായരും ഇക്കാര്യങ്ങളോട് സഹകരിക്കണമെന്നു സ്നേഹപൂർവം അഭ്യർഥിക്കുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും നമ്മുടെ മെത്രാൻ സിനഡിന്റെയും സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പിന്റെയും നിർദ്ദേശങ്ങൾ പാലിച്ചും സഭാനിയമങ്ങൾ അനുസരിച്ചും അതിനായി പരസ്പരം സഹായിച്ചും നമുക്കു മുന്നോട്ടു നീങ്ങാം.

ഈശോയുടെ തിരുഹൃദയത്തിന്റെ സംരക്ഷണത്തിനു നിങ്ങളെ ഏവരെയും സമർപ്പിച്ചുകൊണ്ട്,

സ്നേഹപൂർവം,

+ Bosco Puth

**+ ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •